## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2904 22.02.2016 -ലെ മറുപടിക്ക്

**പരസ്യയിനത്തിൽ ചെലവഴിച്ച തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചു; പത്ര - ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ ഏകദേശം 136,53,34,327/- രൂപ ഖജനാവിൽ നിന്നും ചെലവഴിച്ചു. ഇതിൽ 30,79,72,083/-രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്. |
| (ബി) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട, രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടികളുടെ പരസ്യങ്ങൾ ഉൾപ്പെടെയുള്ള പബ്ലിസിറ്റിക്കായി സംസ്ഥാനത്തിനകത്ത് ചെലവഴിച്ച തുക എത്ര; സംസ്ഥാനത്തിന് പുറത്ത് ചെലവഴിച്ച തുക എത്ര; പത്ര-ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളുടെ പരസ്യത്തിനായി പത്ര - ദൃശ്യ മാധ്യമങ്ങൾക്ക് ഏകദേശം 1,27,73,725/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച പരസ്യയിനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ; | (സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച പരസ്യയിനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് ഏകദേശം 2,46,12,071/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ള തുക പത്ര-ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ഏകദേശം 35 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല. |

(തുടർച്ച----2

| | | | |
|---|---|---|---|
| (ഇ) | പി.ആർ.ഡി നിരക്ക് പ്രകാരമല്ലാതെ ഈ സർക്കാർ പരസ്യയിനത്തിൽ എന്തു തുക ചെലവഴിച്ചു; ഏതെല്ലാം പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് എന്തു തുക വീതം എന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഇ) | മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപ്പത്രങ്ങൾക്ക് അവരുടെ അംഗീകൃത കാർഡ് റേറ്റിന്റെ 30% ഡിസ്ക്കൗണ്ട് ഈടാക്കി കളർ പരസ്യം നൽകിയ വകയിൽ 1,26,20,486/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ